# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2397

08/05/2017 ന് മറുപടിയ്ക്ക്

### സ്റ്റുഡന്റ്സ് ഡോക്ടർ കേഡർ (SDC)

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ എസ്.പി.സി (സ്റ്റുഡന്റ്സ് പോലീസ് കേഡററ്) പോലെ കുട്ടിഡോക്ടർമാരുടെ സ്റ്റുഡന്റ്സ് ഡോക്ടർ കേഡർ (എസ്.ഡി.സി) സേവനം ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ), (ബി) & (സി) | കൗമാരപ്രായത്തിലെ വിഷമതകളും സങ്കീർണ്ണതകളും മനസ്സിലാക്കാൻ കഴിവുള്ള സമപ്രായക്കാരായ കുട്ടികളെ കണ്ടെത്തി അവരെ പരിശീലിപ്പിച്ചുകൊണ്ട് കൗമാരക്കാരിലേക്ക് ഇറങ്ങിച്ചെല്ലുക എന്ന ലക്ഷ്യത്തോടുകൂടി ദേശീയ ആരോഗ്യ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് കൗമാര ആരോഗ്യ പദ്ധതി. കേരളത്തിൽ വയനാട് , പാലക്കാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. വയനാട് ജില്ലയിൽ "കുട്ടി ഡോക്ടർ" എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെടുന്നത്. പരിശീലകരായ കുട്ടികളെ കണ്ടെത്തുന്നത് സ്കൂൾ ഹെൽത്ത് നേഴ്സിന്റെ സേവനം ലഭ്യമായ സ്കൂളുകളിലെ എട്ട്, ഒൻപത് ക്ലാസ്സുകളിലെ ഒരു ആൺകുട്ടിയും ഒരു പെൺ കുട്ടിയും വീതം ( ഒരു സ്കൂളിൽ നിന്നും നാല് കുട്ടികളെ വീതം) തെരഞ്ഞെടുത്തുകൊണ്ടാണ് ഹെൽത്ത് ക്ലബ്ബുകൾ നിലവിലുള്ള സ്കൂളുകളിൽ ഈ കുട്ടികൾ ഹെൽത്ത് ക്ലബ്ബുകളിലെ അംഗങ്ങളായിരിക്കണം. ഇതു കൂടാതെ ആശയവിനിമയ സാമർത്ഥ്യവും നേതൃഗുണവും ഉള്ള ഏതൊരു കൗമാര പ്രായത്തിലുള്ള കുട്ടികളെയും പരിശീലകരാക്കാവുന്നതാണ്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതല വഹിക്കുന്ന അധ്യാപകർക്കാണ് ഇത്തരം |
| (ബി) | എങ്കിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതു വഴി സർക്കാർ ലക്ഷ്യമാക്കുന്നത് എന്താണ്; പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇതിന് ഫണ്ട് എവിടെ നിന്ന് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ; | | |
| (സി) | സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര സ്കൂളുകൾ; സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്ത്; എസ്.ഡി.സി യിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്ത്? | | |

പരിശീലകരെ കണ്ടെത്തുന്നതിനുള്ള ചുമതല. ഈ പരിശീലകരുടെ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനുള്ള ചുമതല ജില്ലാതലത്തിൽ ജില്ലാ ആർ.സി.എച്ച് ഓഫീസർക്കും, സ്കൂൾ ഹെൽത്ത് ജില്ലാ ഓഫീസർക്കുമാണ്. സംസ്ഥാന തലത്തിൽ ഈ ചുമതല ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർക്കും (കുടുംബക്ഷേമം), കൗമാരാരോഗ്യ പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഓഫീസർക്കുമാണ്.

സെക്ഷൻ ഓഫീസർ